# ഫുഡ്സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം

തൈക്കാട്.പി.ഒ, തിരുവനന്തപുരം.695014
Ph: 0471-2322833, 2322844. Fax: 0471-2322855
Email:foodsafetykerala@gmail.com
Website: www.foodsafety.kerala.gov.in


## പത്രക്കുറിപ്പ്

പൊതുവിതരണ ശൃംഖലകളിൽ കൂടി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളെക്കുറിച്ചുണ്ടായ വ്യാപകമായ പരാതികളുടെ അടിസ്ഥാനത്തിൽ സംസ്ഥാന വ്യാപകമായി എഫ്സിഐ ഗോഡൗണുകൾ,റേഷൻ കടകൾ എന്നിവിടങ്ങളിൽ പരിശോധന നടത്തി സാമ്പിളുകൾ ശേഖരിച്ച് ലാബ് പരിശോധനകൾക്കായി അയച്ചിട്ടുണ്ട്.

പൊതുവിതരണ ശൃംഖലകളിൽ ഭക്ഷ്യസുരക്ഷവിഭാഗം നടത്തിയ പരിശോധനകൾ മൂലം ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കുന്നതിൽ ഉണ്ടായിട്ടുള്ള ഗുരുതരമായ വീഴ്ച്ച ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ സാധിച്ചിട്ടുണ്ട്. ഇത് തന്നെയാണ് ഇത്തരം പരിശോധനകളുടെ ഉദ്ദേശലക്ഷ്യം, കൂടാതെ പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങളും സാമ്പിളുകൾ പരിശോധിച്ചശേഷമുള്ള റിപ്പോർട്ടുകളും ലഭ്യമായശേഷം സർക്കാരിലേയ്ക്കും ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയിലേയ്ക്കും വിഷയത്തിൽ അടിയന്തിരമായി സ്വീകരിക്കേണ്ട ശുപാർശകൾ അടങ്ങിയ റിപ്പോർട്ടും സമർപ്പിക്കുന്നതാണ്. ആയതിലേക്കായി ഇപ്പോൾ നടത്തിവരുന്ന പരിശോധനകൾ താൽകാലികമായി നിർത്തിവെയ്കുവാനും തീരുമാനിച്ചിട്ടുണ്ട്.

എഫ്സിഐ ഗോഡൗണുകൾ പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ സംബന്ധിച്ച് എഫ്സിഐ അധികാരികൾ ക്രിയാത്മകമായ നടപടികൾ സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ എഫ്സിഐയുടെ വലിയതുറ ഗോഡൗൺ പരിശോധന തടഞ്ഞവർക്കെതിരെ ഫുഡ് സേഫ്റ്റി നിയമപ്രകാരവും വലിയതുറ പോലീസ് രജിസ്റ്റർ ചെയ്ത കേസും പിൻവലിക്കുവാനുള്ള നിർദേശം ബന്ധപ്പെട്ടവരോട് നൽകിയിട്ടുണ്ട്.

പൊതുവിതരണ ശൃംഖലയിൽകൂടി ഗുണമേൻമയുള്ള ഭക്ഷ്യധാന്യങ്ങൾ മാത്രമേ വിതരണം ചെയ്യുകയുള്ളുയെന്ന് ബന്ധപ്പെട്ടവർ ഉറപ്പ് വരുത്തണമെന്നും അല്ലാത്തപക്ഷം പ്രോസിക്യൂഷൻ അടക്കമുള്ള നടപടികൾ സ്വീകരിക്കേണ്ടിവരുമെന്നും ഫുഡ് സേഫ്റ്റി കമ്മീഷണർ ശ്രീ.ബിജുപ്രഭാകർ ഐഎഎസ് അറിയിച്ചു.

കെ.അനിൽകുമാർ

തീയതി:03.08.2013

ജോയിന്റ് ഫുഡ് സേഫ്റ്റി കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ & ലീഗൽ)